# ഗോത്ര സൗഹൃദ വിദ്യാലയം: സ്വപ്നവും സാധ്യതയും

**ആമുഖം:**

ഓരോ വിദ്യാലയത്തിലെയും മുഴുവൻ കുട്ടികളും സന്തോഷകരമായ സ്കൂൾ അന്തരീക്ഷത്തിൽ അതത് ക്ലാസുകൾ വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ കൈവരിക്കുകയാണ് നമ്മുടെ ലക്ഷ്യം. എന്നാൽ തങ്ങളുടെതല്ലാത്ത പല കാരണങ്ങളാൽ ഓരങ്ങളിലേക്ക് മാറ്റി നിർത്തപ്പെടുന്ന നിരവധി കുട്ടികൾ ഉണ്ട്.

ഭിന്നശേഷിക്കാരായ കുട്ടികൾ അതിൽപ്പെട്ടവരാണ്. സാമ്പത്തികമോ സാമൂഹികമോ വിഭവപരമോ ആയ കാരണങ്ങളാൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുണ്ട്. ഭാഷ കൊണ്ടും, വേഷം കൊണ്ടും, വിശ്വാസം കൊണ്ടും, ജീവിത രീതികൾ കൊണ്ടുമെല്ലാം വിദ്യാലയങ്ങളിൽ അപകർഷതയനുഭവിക്കുന്ന ഗോത്ര വിഭാഗം കുട്ടികളുണ്ട്. സ്കൂളിന്റെ ഭൗതികാന്തരീക്ഷം, ബോധനരീതികൾ, പാഠപുസ്തകങ്ങൾ, പഠനബോധന സാമഗ്രികൾ തുടങ്ങിയവയൊന്നും ഇത്തരം കുട്ടികളെ മിക്കപ്പോഴും സവിശേഷമായി അഭിസംബോധന ചെയ്യുന്നില്ല. ഇവരെ കൂടി ഉൾച്ചേർക്കുമ്പോൾ അല്ലേ സൗജന്യവും ഗുണമേന്മയുള്ളതുമായ സാർവത്രിക വിദ്യാഭ്യാസം എന്ന ലക്ഷ്യം നാം കൈവരിക്കുകയുള്ളൂ ?

"ഭിന്നശേഷി സൗഹൃദ വിദ്യാലയം" എന്നത് അതീവ പ്രാധാന്യത്തോടെ നാം അഭിസംബോധന ചെയ്യുന്നുണ്ട്. എന്നാൽ "ഗോത്ര സൗഹൃദ വിദ്യാലയം" എന്ന കാഴ്ചപ്പാട് സൂക്ഷ്മതലത്തിൽ

സാക്ഷാത്കരിക്കുന്നതിനുള്ള പ്രായോഗിക വഴികൾ നാം ഇനിയും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

കേരളത്തിൽ വയനാട് ജില്ലയിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ 46% ഗോത്ര വിഭാഗം വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയമാണ് ഗവൺമെൻറ് ഹൈസ്കൂൾ, തോൽപ്പെട്ടി. കർണാടക സംസ്ഥാനത്തിൻറെ അതിർത്തി പങ്കിടുന്ന തോൽപ്പെട്ടി ഗ്രാമത്തിലെ 17 ഓളം കോളനികളിൽ നിന്നുള്ള കുട്ടികളാണ് ഈ ഗോത്ര വിഭാഗം കുട്ടികൾü എല്ലാ അർത്ഥത്തിലും ഈ കുട്ടികളുടേത് കൂടിയാകണം വിദ്യാലയം എന്ന ലക്ഷ്യത്തോടെ മൂന്നു വർഷക്കാലം കൊണ്ട് തോൽപ്പെട്ടി ഗവൺമെൻറ് ഹൈസ്കൂളിനെ ഗോത്ര സൗഹൃദ വിദ്യാലയം ആയി രൂപപ്പെടുത്തുന്നതിനുള്ള സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് "ചുവടുകൾ"ü

വയനാട് ജില്ലയിൽ മാത്രമല്ല ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും വിദ്യാലയങ്ങൾ ഇത്തരം ആവശ്യങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അവർക്ക് കൂടി സഹായകമാകുന്ന രീതിയിൽ തോൽപ്പെട്ടി ഗവൺമെൻറ് ഹൈസ്കൂളിൻറെ ചുവടുകൾ പദ്ധതി മറ്റുചില വിദ്യാലയ അനുഭവങ്ങൾ ഉൾച്ചേർത്താണ് ഈ മോഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത്. ഓരോ വിദ്യാലയവും സ്വന്തം പ്രാദേശിക സാമൂഹിക സാഹചര്യങ്ങൾക്കനുസൃതമായി അനുരൂപീകരണം

നടത്തുമ്പോൾ ഗോത്ര സൗഹൃദ വിദ്യാലയംഎന്ന ജനാധിപത്യ സങ്കല്പം സാക്ഷാത്കരിക്കാൻ നമുക്ക് സാധിക്കുമെന്ന് തീർച്ചയാണ്.

**ലക്ഷ്യങ്ങൾ**

- വിവിധ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ കൂടി വിദ്യാലയ പ്രവർത്തനങ്ങളിൽ ഉൾചേർക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന്.
- ഗോത്ര സൗഹൃദ വിദ്യാലയം എന്ന കാഴ്ചപ്പാടും ജനാധിപത്യ സമൂഹത്തിൽ അതി ന്റെ പ്രാധാന്യവും തിരിച്ചറിഞ്ഞ് അവ പ്രായോഗികവൽക്കരിക്കുന്നതിനുള്ള ധാരണകൾ വിപുലപ്പെടുത്തുന്നതിന്.
- നൂതനവും വ്യത്യസ്തവുമായ പദ്ധതികളിലൂടെ സ്വന്തം വിദ്യാലയത്തെ ഗോത്ര സൗഹൃദ വിദ്യാലയം ആക്കി വളർത്തുക.
- വിവിധ പിന്തുണ സംവിധാനങ്ങളുടെ ഏകോപനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതപരിസരത്തെയും വിദ്യാഭ്യാസ ആവശ്യങ്ങളെയും പരിഗണിക്കുന്ന വിദ്യാലയ സംസ്കാരം രൂപപ്പെടുത്തുന്നതിന്.

**പശ്ചാത്തലം**

വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ ഗോത്ര വിഭാഗം വിദ്യാർഥികളുള്ള ഗ്രാമപഞ്ചായത്താണ് തിരുനെല്ലി. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ കർണാടക സംസ്ഥാനവുമായി ചേർന്ന് കിടക്കുന്ന ഗ്രാമമാണ് തോൽപ്പെട്ടി. 5 മുതൽ 10 വരെ ക്ലാസ്സുകളിൽ ആയി 387 വിദ്യാർത്ഥികൾ പഠിക്കുന്ന തോൽപ്പെട്ടി ഗവൺമെൻറ് ഹൈസ്കൂളിൽ 46% ഗോത്ര വിഭാഗം വിദ്യാർഥികളാണ്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ALL STUDENTS | | | | | ST STUDENTS | | |
|---|---|---|---|---|---|---|---|
| STD | DIV | BOYS | GIRLS | TOTAL | BOYS | GIRLS | TOTAL |
| V | 2 | 36 | 27 | 63 | 10 | 11 | 21 |
| VI | 2 | 41 | 21 | 62 | 16 | 10 | 26 |
| VII | 2 | 26 | 32 | 58 | 20 | 14 | 34 |
| VIII | 2 | 37 | 36 | 73 | 18 | 17 | 35 |
| IX | 2 | 42 | 18 | 60 | 21 | 7 | 28 |
| X | 2 | 30 | 41 | 71 | 14 | 17 | 31 |
| Total | | 212 | 175 | 387 | 99 | 76 | 175 |

അടിയാൻ, കാട്ടുനായ്ക്ക, കുറിച്ച്യർ, പണിയർ, വേട്ടുകുറുമർ, ഊരാളികുറുമർ, എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവരാണ് ഈ ഗോത്ര വിഭാഗം വിദ്യാർഥികൾü

താഴെപ്പറയുന്ന പ്രശ്നങ്ങൾ ഈ വിദ്യാർത്ഥികൾ

അഭിമുഖീകരിക്കുന്നുണ്ട്.

- ഊരുകളിൽ സംസാരിക്കുന്ന ഭാഷയല്ല മലയാളമാണ് വിദ്യാലയത്തിലെ ബോധന മാധ്യമം. ഗോത്ര വിഭാഗം വിദ്യാർഥികൾക്ക് വിദ്യാലയത്തിൽ അന്യതാബോധം അഭിമുഖീകരിക്കുന്നുണ്ട്.

- പൊതു വിഭാഗം വിദ്യാർഥികളുടെ സംസ്കാരം, ജീവിതരീതി എന്നിവയുമായി ഗോത്ര വിഭാഗം കുട്ടികൾക്ക് പൊരുത്തപ്പെടാൻ പ്രയാസമുണ്ട്.
- പ്രവേശനം, യൂണിഫോം, പഠനയാത്ര, കലാമേള തുടങ്ങിയവയിൽ ഈ കുട്ടികൾ പരിമിതികൾ നേരിടുന്നുണ്ട്.
- ഗോത്ര വിഭാഗം കുട്ടികളുടെ കലാരൂപങ്ങൾ കായിക വിനോദങ്ങൾ എന്നിവയ്ക്ക് വിദ്യാലയത്തിൽ വേണ്ടത്ര ഇടങ്ങൾ ലഭിക്കുന്നില്ല.
- ഹാജർ കുറവ്
- പ്രതീക്ഷിത പഠന നേട്ടങ്ങൾ കൈവരിക്കാൻ ആകുന്നില്ല.

ഗോത്ര വിഭാഗം കുട്ടികൾ അഭിമുഖീകരിക്കുന്ന ഇത്തരം പ്രതിസന്ധികൾ രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും ഇതര പിന്തുണ സംവിധാനങ്ങളുടെയും സഹകരണത്തോടെ പരിഹരിക്കുകയും അവരുടെ ഹാജർ, പഠനനിലവാരം, വിദ്യാലയ പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാണ് "ചുവടുകൾ" എന്ന പേരിൽ മൂന്നുവർഷം നീണ്ടുനിൽക്കുന്ന പദ്ധതി രൂപീകരിച്ചത്.

**പദ്ധതി ചുമതല**

- സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് **(SRG)**

സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ് **(SSG)**

സ്കൂൾ മാനേജ്മെൻറ് കമ്മിറ്റി **(SMC)**

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ഡയറ്റ്, സമഗ്രശിക്ഷ വയനാട് (SSK) തുടങ്ങിയ പിന്തുണ സംവിധാനങ്ങൾ

- ചുവടുകൾ പ്രൊജക്റ്റ് ഗവേണിംഗ് ബോഡി
- പട്ടികവർഗ്ഗ ക്ഷേമവകുപ്പ്, കിർതാഡ്സ് പ്രാദേശിക ക്ലബ്ബുകൾ, എൻ.ജി.ഒ. കൾ എന്നിവയെല്ലാം പദ്ധതിയെ സഹായിക്കുന്നു.
- ഓരോ പ്രവർത്തനത്തിന്റെയും പ്രോഗ്രാം ഡയറക്ടർ, പ്രോഗ്രാം കൺവീനർ എന്നിവരടങ്ങുന്ന സമിതികൾü

## പദ്ധതി പ്രവർത്തനങ്ങൾ

Access, Retention, Qualityഎന്നീ ഘടകങ്ങൾ പൊതുവായും കുട്ടികളുടെ അവകാശങ്ങളായ Provision, Protection, Participationഎന്നിവ സവിശേഷമായും ഉറപ്പുവരുത്തുന്ന രീതിയിൽ



പ്രവർത്തനങ്ങൾ ഉൾച്ചേർത്താണ് ചുവടുകൾ പദ്ധതി ക്രമീകരിച്ചിരിക്കുന്നത്. അവ താഴെ നൽകിയിരിക്കുന്നു

1. സഫലം
2. വിനിമയം
3. വരവേൽപ്പ്
4. ഒരുമ
5. ആവശ്യം ആരോഗ്യം
6. പോഷണം
7. സ്കൂൾ വണ്ടി
8. പഠന പന്തൽ
9. പുതുനാമ്പുകൾ

10. മഷിത്തണ്ട്
11. ജൈവം
12. ഇ വിസ്മയം
13. വായന ഗ്രാമം
14. തിരശ്ശീല (സെല്ലുലോയ്ഡ് ഫിലിം ഫെസ്റ്റ്)
15. കളിക്കളം
16. പ്രതിഭകൾ  പ്രതീക്ഷകൾ
17. ഒപ്പം
18. വൈഭവം
19. കടൽ വിളിക്കുന്നു
20. ഗോത്ര ഫെസ്റ്റ്
21. വിജയോത്സവം

**ചുവടുകൾ ûപദ്ധതി പ്രവർത്തനങ്ങളുടെ സംഗ്രഹം.**

ഗോത്ര വിഭാഗം വിദ്യാർത്ഥികളുടെയും സ്കൂളിലെ ഇതര വിദ്യാർത്ഥികളുടെയും പഠന പുരോഗതി, ജീവിതനൈപുണി വികാസം, സർഗാത്മക ശേഷികളുടെ പരിപോഷണം, സാമൂഹ്യനൈപുണികളുടെ വികാസം തുടങ്ങിയവയെല്ലാം പരിഗണിക്കുന്ന 21 പ്രവർത്തനങ്ങളാണ് "ചുവടുകൾØ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സാമൂഹ്യ ബോധവൽ

ക്കരണവും, സാമൂഹ്യ പിന്തുണയും ഉറപ്പാക്കാൻ ഉതകുന്ന പരിപാടികളും ഇവയിൽ ക്രമീകരിച്ചിട്ടുണ്ട്.

**1. സഫലം ആശയരൂപീകരണ ശില്പശാല**

എസ്.ആർജി യോഗം, ഡയറ്റ് പ്രിൻസിപ്പാളിന്റെ സ്കൂൾ സന്ദർശനം, അക്കാദമിക ചർച്ച എന്നിവ പ്രയോജനപ്പെടുത്തി തയ്യാറാക്കിയ ചുവടുകൾ കരട് പദ്ധതി ഫോക്കസ് ഗ്രൂപ്പിന്റെ മുമ്പാകെ അവതരിപ്പിക്കൽ, ചർച്ച മെച്ചപ്പെടുത്തൽ എന്നിവയാണ് സഫലം.

സ്കൂളിലെ മുഴുവൻ സ്റ്റാഫ്, പിടിഎ, എസ് എം സി, എം പി ടി എ, എക്സിക്യൂട്ടീവ് അംഗങ്ങൾ, സ്കൂൾ പൂർവ്വ വിദ്യാർത്ഥി പ്രതിനിധികൾ, ജനപ്രതിനിധികൾ, പ്രദേശത്തെ ട്രൈബൽ പ്രൊമോട്ടർമാർ, ഡയറ്റ്, എസ് എസ് കെ, വിദ്യാഭ്യാസ വകുപ്പ് പ്രതിനിധികൾ, ട്രൈബൽ ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ എന്നിങ്ങനെ 55 പേരാണ് പങ്കാളികൾü “ചുവടുകൾØ പദ്ധതിയുടെ ആശയരൂപീകരണവും ഏകോപനവും ജനകീയമാക്കാൻ ഇത് സഹായകരമായി.

## 2. വിനിമയം ശില്പശാല

സഫലം ആശയരൂപീകരണ ശില്പശാലയിൽ ചിട്ടപ്പെടുത്തിയ ‹ചുവടുകൾ› പദ്ധതി ക്ഷണിക്കപ്പെട്ട കോർ ഗ്രൂപ്പിനു മുൻപിൽ അവതരിപ്പിക്കുകയും പിന്തുണ ഉറപ്പാക്കുകയും മെമ്പർമാരെയും സ്പോൺസർമാരെയും കണ്ടെത്തുകയും ആയിരുന്നു ‹വിനിമയം› ശിൽപ്പശാല ലക്ഷ്യമിട്ടത്.

- മുഴുവൻ ഫോക്കസ് ഗ്രൂപ്പ് അംഗങ്ങൾ
- സാമൂഹ്യ സേവന പ്രവർത്തനങ്ങളിൽ തൽപരരായ ഉദാരമദികൾ
- ക്ലബ്ബ് യുവജന കൂട്ടായ്മകളുടെ പ്രതിനിധികൾ

- കിർതാഡ്, വനംവകുപ്പ്, കൃഷിവകുപ്പ്, ട്രൈബൽ വകുപ്പ്, ആരോഗ്യവകുപ്പ് തുടങ്ങിയവയിൽ നിന്നുള്ള പ്രതിനിധികൾ
- വിദ്യാഭ്യാസ വിചക്ഷണർ

എന്നിവരായിരുന്നു വിനിമയം ശില്പശാലയിലെ പങ്കാളികൾü പദ്ധതിക്ക് സാമൂഹ്യ സ്വീകാര്യതയും ചില ഇനങ്ങളുടെ സ്പോൺസർഷിപ്പും ഉറപ്പാക്കാനായി എന്നത് ശില്പശാലയുടെ നേട്ടം.

### 3. വരവേൽപ്പ്

6 നും 14 വയസ്സിനും ഇടയിലുള്ള മുഴുവൻ ഗോത്ര വിഭാഗം കുട്ടികളുടെയും സ്കൂൾ പ്രവേശന സാക്ഷാത്കരിക്കുന്നതിനായി

- കോളനി സമ്പർക്ക പരിപാടികൾ
- സർവ്വേ
- ഗൃഹ സന്ദർശനം

- ക്യാമ്പയിൻ
- വാദ്യഘോഷങ്ങളോടെ കുട്ടികളെ വിദ്യാലയത്തിലേക്ക് ആനയിക്കുന്ന “വരവേൽപ്പ് ഘോഷയാത്ര
- പ്രവേശനോത്സവ പരിപാടികൾ

എന്നിവയെല്ലാം അടങ്ങിയ വിപുലമായ പരിപാടിയാണ് “വരവേൽപ്പ്.”! മുഴുവൻ കുട്ടികളുടെയും ദത്തശേഖരണം നടത്താനും സ്കൂൾ പ്രവേശനം ഉറപ്പാക്കാനും ഇതുവഴി സാധിച്ചു.

### 4. ഒരുമ സൗജന്യ യൂണിഫോം വസ്ത്രങ്ങൾ

തോൽപ്പെട്ടി ഗവൺമെന്റ് ഹൈസ്കൂളിൽ പ്രവേശന നേടിയ മുഴുവൻ ഗോത്ര വിഭാഗം വിദ്യാർത്ഥികൾക്കും വർഷത്തിൽ രണ്ട് ജോഡി സ്കൂൾ യൂണിഫോം രണ്ട് ജോഡി വസ്ത്രം എന്നിവ സമഗ്ര ശിക്ഷ വയനാടിൻറെയും പൊതുജനങ്ങളുടെയും സഹായത്തോടെ ഉറപ്പുവരുത്തുന്ന പരിപാടിയാണ് ഒരുമ.

മെയ് മാസത്തിലെ വരവേൽപ്പ് പ്രവർത്തനങ്ങളുടെയും പ്രവേശനോത്സവത്തിന്റെയും ഭാഗമായി ഇത് പൂർത്തിയാക്കാൻ സാധിക്കുന്നു.

**5. ആവശ്യം ആരോഗ്യം : ശുചിത്വ ആരോഗ്യ ക്യാമ്പ്**

വിദ്യാലയത്തിൻറെ ഫീഡിങ് ഏരിയയിൽ ഉൾപ്പെട്ട മുഴുവൻ കോളനികളിലെയും ശുചിത്വ ബോധവൽക്കരണവും മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുക വഴി ഗോത്ര വിഭാഗം കുട്ടികളുടെ ആരോഗ്യരക്ഷ സാധ്യമാക്കുന്നു.

പൂർവ്വ വിദ്യാർത്ഥികൾ, എസ് ടി പ്രമോട്ടർമാർ, ആരോഗ്യവകുപ്പ്, ട്രൈബൽ ഡിപ്പാർട്ട്മെൻറ് എന്നിവരുടെ സഹായം ഇതിലുണ്ട്.

**6. പോഷണം**

ആരോഗ്യമുള്ള കുട്ടിക്കേ പഠനത്തിൽ ശ്രദ്ധ പതിപ്പിക്കാൻ ആവൂ. പ്രാതലും ഉച്ചഭക്ഷണവും ഗോത്ര വിഭാഗം വിദ്യാർഥികൾക്ക് സ്കൂളിൽ നൽകുന്ന പദ്ധതിയാണ് പോഷണം. വയനാട് ജില്ലാ പഞ്ചായത്തിൻറെ സഹകരണം, പ്രഭാത ഭക്ഷണം നൽകുന്നതിനും സർക്കാറിൻറെ ഉച്ചഭക്ഷണ പദ്ധതിയുമായി സംയോജിപ്പിച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണവും നൽകാൻ ഇതുവഴി സാധ്യമാകുന്നു. ആഘോഷവേളകളിലും സവിശേഷ

ദിനങ്ങളിലും വ്യാപാരി വ്യവസായി സംഘടനകളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും പിന്തുണ ഇതിനു ലഭ്യമാക്കുന്നു.

**7. സ്കൂൾ വണ്ടി**

17 ഓളം കോളനിയിൽ നിന്നാണ് സ്കൂളിൽ കുട്ടികൾ എത്തുന്നത്. ഇവയിൽ 10 കോളനികളിൽ നിന്നും വാഹന സൗകര്യം ഉണ്ടായാലേ കുട്ടികൾക്ക് സ്കൂളിൽ എത്താൻ കഴിയും. ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് നിലവിലുള്ള "ഗോത്രസാരഥി" വാഹന സൗകര്യം വിപുലപ്പെടുത്തുന്ന പദ്ധതിയാണ് സ്കൂൾ വണ്ടി. 58 കുട്ടികൾ ഇതിൻറെ ഗുണഭോക്താക്കൾ ആണ്.

**8. പഠനപ്പന്തൽ**

ഗോത്ര വിഭാഗം വിദ്യാർത്ഥികൾക്ക് അനുകൂലമായ പഠനാന്തരീക്ഷം കോളനികളിലില്ല. ഗൃഹപാഠം ചെയ്യാനോ തുടർ പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ ഉള്ള സൗകര്യം കുട്ടികൾക്ക് ഇല്ല. ഇത് പരിഹരിക്കാൻ ഓരോ കോളനിയിലും ടിവി ഇൻററർനെറ്റ് സൗകര്യത്തോടെയുള്ള പഠനപന്തൽ ആരംഭിക്കുകയാണ്. നിലവിൽ 5 പഠനപന്തലുകൾ ഒരുക്കി കഴിഞ്ഞു. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ, ഡയറ്റ്, എസ് എസ് കെ എന്നിവയാണ് പിന്തുണയ്ക്കുന്നത്. ഗോത്ര വിഭാഗത്തിൽ നിന്ന് തന്നെയുള്ള മെമ്പർമാർക്ക് ആണ് നടത്തിപ്പ് ചുമതല.

**9. പുതുനാമ്പുകൾ**

സ്കൂൾ പ്രവേശനം നേടിയ മുഴുവൻ കുട്ടികളും ( ഗോത്ര വിഭാഗം കുട്ടികൾ ഉൾപ്പെടെ  നിർദിഷ്ട പഠന നേട്ടങ്ങൾ കൈവരിക്കുകയാണ് പുതുനാമ്പുകൾ ലക്ഷ്യമിടുന്നത്.

ഭാഷാ, സയൻസ്, ഗണിതം, സോഷ്യൽ സയൻസ് വിഷയങ്ങളിൽ അടിസ്ഥാന ശേഷികൾ ഉറപ്പാക്കുന്ന സവിശേഷ പഠന പാക്കേജ് ആണിത്.  സ്കൂൾ പ്രവർത്തി സമയത്തിനപ്പുറം പ്രത്യേക സമയം കണ്ടെത്തി യുപി, എച്ച് എസ്  വിഭാഗം കുട്ടികൾക്കായി വായന, എഴുത്ത്, സംഖ്യാബോധം തുടങ്ങിയ ശേഷികൾ ഉറപ്പാക്കുന്നു. ഗോത്ര വിഭാഗം കുട്ടികൾക്കായി എസ്എസ്എൽസി വിജയം സുനിശ്ചിതമാക്കുന്നതിനായി നടത്തുന്ന സഹവാസ ക്യാമ്പും ഇതിൻറെ ഭാഗമാണ്.

**10. മഷിത്തണ്ട് : സർഗ്ഗ പോഷണ പരിപാടി.**

കുട്ടികളുടെ സർഗാത്മകതയും ജീവിത നൈപുണ്യങ്ങളും പരിപോഷിപ്പിക്കുന്നതിനായി വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടിയാണ് മഷിത്തണ്ട്. ഓൺലൈൻ, ഓഫ് ലൈൻ സാധ്യതകൾ സമയക്രമം ആയി പ്രയോജനപ്പെടുത്തി അതിഥി ക്ലാസുകൾ, ക്രിയേറ്റീവ് ക്യാമ്പുകൾ, ശില്പശാലകൾ, ചിത്രരചന, നാടക ക്യാമ്പുകൾ, എഴുത്തുകാർക്കൊപ്പം തുടങ്ങിയ വ്യത്യസ്ത പരിപാടികളിൽ വിദ്യാലയത്തെ ഒരു "ടാലൻറ് ഹബ്ബ്" ആയി ഉയർത്തുക തന്നെ ചെയ്യും. "മധുവാണി" എന്ന സ്കൂൾ റേഡിയോയും ഇതിന്റെ ഭാഗം തന്നെ.

**11 ജൈവം**

കുട്ടികളിൽ പാരിസ്ഥിതിക അവബോധവും പ്രകൃതി സ്നേഹവും വളർത്തുന്ന പ്രവർത്തനങ്ങൾ ആണ് ജൈവം പരിപാടികൾü ഇക്കോ ക്ലബ്ബിൻറെ നേതൃത്വത്തിൽ നടക്കുന്ന പരിസ്ഥിതി ക്യാമ്പുകൾ, ട്രക്കിംഗ്, ശലഭ്യോദ്യാനം തുടങ്ങിയവ ജൈവം പരിപാടികളിൽപെടുന്നു. ശലഭ്യോദ്യാനം സാക്ഷാത്കരിക്കുന്നതിലൂടെ പ്രകൃതി നിരീക്ഷണത്തിന്റെയും വിശകലനത്തിന്റെയും അനുഭവങ്ങളെ ഒരുക്കാൻ സാധിക്കുന്നു.

**12 ഇ വിസ്മയം**

കൈറ്റ് വിദ്യാലയത്തിലെ 123 ഗോത്ര വിഭാഗം കുട്ടികൾക്കാണ് ലാപ്ടോപ്പുകൾ നൽകിയത്. വിവരസാങ്കേതികതയുടെ പൊതുവഴികളിലൂടെ വിദ്യയുടെ വിസ്മയങ്ങളിലേക്ക് കുട്ടികളെ നയിക്കുന്ന പ്രവർത്തനങ്ങൾ ആണ് ഇ വിസ്മയം.

- മലയാളം കമ്പ്യൂട്ടിംഗ്
- വീഡിയോ എഡിറ്റിംഗ്
- ഡിടിപി ആൻഡ് പേജ് സെറ്റിംഗ്സ്
- പോസ്റ്റർ മേക്കിങ് തുടങ്ങിയവയെല്ലാം കുട്ടികൾക്ക് നൽകുന്ന പ്രവർത്തനങ്ങൾ ആണ്.

**13 വായന ഗ്രാമം : കമ്മ്യൂണിറ്റി ലൈബ്രറി**

കുട്ടികളിൽ വായനാശീലം വളർത്താൻ വീടുകളിലും വായനാന്തരീക്ഷം അനിവാര്യം ആണ്. തോൽപ്പെട്ടി ഗ്രാമത്തിൽ പ്രാദേശിക ലൈബ്രറികൾ ഇല്ലാത്തതിനാൽ സ്കൂൾ ലൈബ്രറി ആൻഡ് റീഡിങ് റൂം ഗോത്ര വിഭാഗം രക്ഷിതാക്കൾ ഉൾപ്പെടെ

മുഴുവൻ രക്ഷിതാക്കൾക്കും കൂടി പ്രയോജനപ്പെടുത്തുന്ന പരിപാടിയാണിത്.

- വായനാനുഭവങ്ങൾ പങ്കുവെക്കൽ
- വായന ക്വിസ്
- പുസ്തക ബുള്ളറ്റിൻ ബോർഡ് എന്നിവയെല്ലാം ഇതുവഴി സംഘടിപ്പിക്കാൻ സാധിക്കുന്നു. സ്കൂൾ ലൈബ്രറിയും റീഡിങ് റൂമും പൊതുസമൂഹത്തിന് എന്നതാണ് കാഴ്ചപ്പാട്.

**14. തിരശ്ശീല/ സെല്ലുലോയ്ഡ് ഫിലിം ഫെസ്റ്റിവൽ**

കുട്ടികളുടെയും പാർശ്വവൽക്കരിക്കപ്പെടുന്നവരുടെയും ജീവിതാവസ്ഥകൾ ആവിഷ്കരിക്കുന്ന ലോക സിനിമകളുടെ ഫെസ്റ്റിവൽ ആണ് തിരശ്ശീല അഥവാ സെല്ലുലോയിഡ്. രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ, പ്രമോട്ടർമാർ കോളനി നിവാസികൾ എന്നിവർ എല്ലാം ഫെസ്റ്റിവൽ ഡെലിഗേറ്റുകൾü

ഫെസ്റ്റിവൽ ബുക്ക്, ഡെലിഗേറ്റ് പാസ്, ഭക്ഷണം എന്നിവ സൗജന്യമായി നൽകുന്ന രീതിയിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന പൊതുജനങ്ങൾ ആയിരിക്കും ഡെലിഗേറ്റുകൾü സിനിമ ആവിഷ്കരിച്ചിരിക്കുന്ന ദേശത്തിൻറെ ഭാഷ, സംസ്കാരം, ജീവിതം എന്നിവയെ കുറിച്ചുള്ള അവബോധം പ്രധാനം ചെയ്യുകയാണ് ലക്ഷ്യം.